# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2017 ഫെബ്രുവരി 27, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(സ്ത്രീകൾക്കുനേരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച അടിയന്തരപ്രമേയം ചോദ്യോത്തരവേള റദ്ദ് ചെയ്ത് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തുകയും തുടർന്ന് ചോദ്യോത്തരവേള ബഹിഷ്കരിക്കുകയും ചെയ്തു.)

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1)<u>നെല്ല് സംഭരണ പദ്ധതി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, ഈ സാമ്പത്തിക വർഷത്തിൽ ആദ്യ സീസണിലെ നെല്ല് സംഭരിക്കാൻ കേന്ദ്ര സർക്കാർ 21-09-2016 മുതൽ അനുമതി നൽകിയിട്ടുണ്ടെന്നും സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള 51 മില്ലുകാർ മുഖേന 31-12-2016 വരെ 52648 കർഷകരിൽ നിന്നായി 1.86 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2016-17 സീസണിൽ 61477 കർഷകരിൽ നിന്ന് 2.08 മെ.ടൺ നെല്ല് സംഭരിച്ച വകയിൽ നൽകാനുള്ള 468.44 കോടി രൂപയിൽ 410.31 കോടി രൂപ നൽകിയിട്ടുണ്ടെന്നും കർഷകർക്ക് കുടിശ്ശികയായി നൽകാനുള്ള 58.13 കോടി രൂപയിൽ 14.63 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നെല്ലുസംഭരണ പദ്ധതിയിൽ സ്വകാര്യ മില്ലുടമകൾക്ക് കൈകാര്യ ചെലവായി കിലോയ്ക്ക് 1.90 രൂപ വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടെന്നും കേന്ദ്ര സഹായം ലഭിക്കുന്നതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് ബാധ്യതയൊന്നുമുണ്ടാകുന്നില്ലെന്നും മന്ത്രി അറിയിച്ചു. സംഭരിച്ച നെല്ല് അരിയാക്കുമ്പോൾ അരിമില്ലുകൾ നിലവാരം കുറഞ്ഞ അരി തിരികെ നൽകുന്ന പ്രവണതയെക്കുറിച്ച് പരാതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിപ്രകാരം സംഭരിക്കുന്ന നെല്ല് പ്രോസസ് ചെയ്ത് അരിയാക്കി

പി.ഡി.എസ്. മുഖേന നൽകിവരുന്നു. സംസ്ഥാനത്ത് അരി വില വർദ്ധനവ് തടയുന്നതിന്റെ ഭാഗമായി എഫ്.സി.ഐ.-ൽ നിന്ന് ഓപ്പൺ മാർക്കറ്റ് സ്കീം അനുസരിച്ചുള്ള ടെൻഡറിൽ പങ്കെടുത്തുകൊണ്ട് 1400 ടൺ പുഴുക്കലരിയും വെച്ചൂർ റൈസ് മിൽ ഉൽപ്പാദിപ്പിക്കുന്ന കുട്ടനാട് റൈസും മറ്റിനം അരിയും സംഭരിച്ച് സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ടെന്നും അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലാ കേന്ദ്രങ്ങളിൽ അരിക്കടകൾ ആരംഭിച്ചിട്ടുണ്ടെന്നും മറ്റ് ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സംഭരണ വില യഥാസമയം നൽകുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കേന്ദ്രഗവൺമെന്റിന്റെ നിബന്ധന അനുസരിച്ചാണ് കൊയ്ത്തുമെതിയന്ത്രം വാങ്ങാൻ 25 ശതമാനം ഗുണഭോക്തൃവിഹിതം ഈടാക്കുന്നതെന്നും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ കേടായി കിടക്കുന്ന യന്ത്രങ്ങൾ നന്നാക്കി പാടശേഖര സമിതികൾക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി.

2(*2) <u>ആയുധ പരിശീലനം അവസാനിപ്പിക്കാനും ഗൂഢപ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നടപടി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ആയുധ പരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ

സ്വീകരിക്കുന്നതാണെന്നും ആരാധനാലയങ്ങളിൽ ആയുധ പരിശീലനം നിയന്ത്രിക്കുന്നതിന് പ്രത്യേക നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ആർ.എസ്.എസ്. പ്രവർത്തകനായ തിരുവനന്തപുരം കരകുളം സ്വദേശി വിഷ്ണുവിനെ ആറ്റിങ്ങലിനുസമീപത്തുനിന്ന് തട്ടിക്കൊണ്ടുവന്ന് കോട്ടയ്ക്കകത്തും കൊട്ടാരക്കരയിലുമുള്ള ആർ.എസ്.എസ്. കാര്യാലയങ്ങളിൽ അന്യായമായി തടങ്കലിൽ പാർപ്പിച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും "സി.പി.ഐ (എം) കണ്ണൂർ ജില്ലാ സെക്രട്ടറി പി. ജയരാജന്റെ പീഡനംമൂലം ആത്മഹത്യ ചെയ്യുന്നു" എന്ന് നിർബന്ധിച്ച് എഴുതി വാങ്ങുകയും ചെയ്തതായുള്ള മൊഴിയുടെ അടിസ്ഥാനത്തിൽ 40-ഓളം ആർ.എസ്.എസ്. പ്രവർത്തകരെ പ്രതിയാക്കി ഫോർട്ട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതായും പ്രസ്തുത കേസ് രജിസ്റ്റർ ചെയ്ത ദിവസം തന്നെ കൺട്രോൾ റൂം എ.സി.പി. തുടരന്വേഷണം നടത്തിവരികയാണെന്നും വ്യക്തികളെ കൊലപ്പെടുത്തുന്നതിനും വിവിധ രീതിയിലുള്ള അക്രമ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള പരിശീലനം ആർ.എസ്.എസ്. ശാഖകളിൽ വ്യാപകമായി നടക്കുന്നുണ്ടെന്നും വർഗ്ഗീയതയ്ക്കെതിരെ ഉറച്ച നിലപാടും വിട്ടുവീഴ്ചയില്ലാത്ത സമീപനവും സ്വീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

അദ്ധ്യാപികയായ ദളിത് സ്ത്രീക്കെതിരെ നടന്ന ആക്രമണവുമായി ബന്ധപ്പെട്ട് കർക്കശമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ദളിത് വിഭാഗങ്ങൾക്കുനേരെ വ്യാപകമായ ആക്രമണം സംഘ്പരിവാർ നടത്തുന്നുണ്ടെന്നും ഇത്തരം സംസ്കാരം കേരളത്തിൽ അനുവദിക്കുകയില്ലെന്നും മുഖ്യമന്ത്രി അറിയിച്ചു. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ ബോധവൽക്കരണം നടത്തണമെന്നും കൊലപാതക രാഷ്ട്രീയം അവസാനിപ്പിക്കാൻ രാഷ്ട്രീയ പാർട്ടികൾ സന്നദ്ധമാകണമെന്നും ആരാധനാ സ്വാതന്ത്ര്യത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

3 (*3) <u>ബാർ കോഴക്കേസ്</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, 29-10-2015-ലെ കോടതി ഉത്തരവുപ്രകാരം ബാർകോഴ കേസ്സിന്റെ പുനരന്വേഷണം നടന്നുകൊണ്ടിരിക്കുകയാണെന്നും ആരോപണങ്ങളിന്മേലുള്ള പ്രാഥമിക അന്വേഷണ റിപ്പോർട്ട് കോടതിയുടെ പരിഗണനയിലായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ കഴിയുകയില്ലെന്നും സഭയെ അറിയിച്ചു. അഴിമതിയാരോപണവുമായി ബന്ധപ്പെട്ട കേസ്സുകളിൽ സ്വതന്ത്രവും നിഷ്പക്ഷവുമായ അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 402 വരെയുള്ള ചോദ്യങ്ങളിൽ 81 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)